**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **11-10-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്പോർട്സ് വകുപ്പിന് കീഴിൽ കിഫ്ബി വഴി എത്ര ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്പോർട്സ് വകുപ്പിന് കീഴിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്റ്റേഡിയങ്ങളുടെ നടത്തിപ്പും നിയന്ത്രണവും കാര്യക്ഷമമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്കായി കായിക യുവജനകാര്യ ഡയറക്ടറും രണ്ടാം കക്ഷിയും (സ്ഥലത്തിന്റെ ഉടമ) തമ്മിൽ 05.12.2017-ലെ സ.ഉ.(സാധാ.) നം.245/2017/S&YA പ്രകാരം MOU ഒപ്പിടേണ്ടതുണ്ട്. ടി MOU അനുസരിച്ച് സ്റ്റേഡിയത്തിന്റെ നടത്തിപ്പും പരിപാലനവും ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി ആണ് വഹിക്കേണ്ടത്. നിർമ്മാണം പൂർത്തിയായ കായിക സൗകര്യങ്ങളുടെ ശരിയായ പരിപാലനം, അറ്റകുറ്റപ്പണി, നടത്തിപ്പ് എന്നിവയുടെ ഉത്തരവാദിത്തം കമ്മിറ്റിക്കാണ്. സ്റ്റേഡിയത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നുമാണ് അറ്റകുറ്റപ്പണിക്കുള്ള ഫണ്ട് കമ്മിറ്റി കണ്ടെത്തേണ്ടത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | പദ്ധതിയുടെ പേര് | പ്രവൃത്തി ആരംഭിച്ചവ - നിലവിലെ സ്ഥിതി |
|---|---|---|
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | മുൻ എസ്.പി.വി M/s.കിറ്റ്കോ പ്രവൃത്തിയുടെ 42% പൂർത്തിയാക്കിയിട്ടുണ്ട്. ശേഷം 22.02.2024 ലെ സർക്കാർ ഉത്തരവ് നം. 56/2024/കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായി. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | മുൻ എസ്.പി.വി M/s.കിറ്റ്കോ പ്രവൃത്തിയുടെ 66% പൂർത്തിയാക്കിയിട്ടുണ്ട്. ശേഷം 12.01.2024 ലെ സർക്കാർ ഉത്തരവ് നം. 12/2024/കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായി. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ 92% ഉം സ്പോർട്സ് ഫ്ളോറിംഗ് 55% ഉം പൂർത്തിയായിട്ടുണ്ടെന്ന് എസ്.പി.വി M/s.കിറ്റ്കോ അറിയിച്ചിട്ടുണ്ട് |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | പദ്ധതിയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ മേപ്പിൾ ഫ്ളോറിംഗ് പ്രവൃത്തി ഒഴികെ ബാക്കി വർക്കുകൾ എല്ലാം മുൻ എസ്.പി.വി M/s.കിറ്റ്കോ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിയായ മേപ്പിൾ ഫ്ളോറിംഗ് വർക്കുകൾ സർക്കാർ ഉത്തരവ് നം. 10.01.2024 നം. 09/2024/കാ.യു.വ പ്രകാരം |

| | | |
|---|---|---|
| | | പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായി. |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി 92% പൂർത്തിയാക്കിയിട്ടുണ്ട്. |
| 6 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി 14.03.2024 ന് ആരംഭിച്ചു. നിലവിൽ 5% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 7 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. |
| 8 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി 76% പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി 84% പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | പ്രസ്തുത പദ്ധതിയുടെ 47.81 കോടി രൂപയുടെ ഡി.പി.ആർ 28.09.2024 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ